## പ്രധാനമന്ത്രി G7 ഔട്ട്‌റീച്ച് സെഷനെ അഭിസംബോധന ചെയ്തു (ജൂൺ 17, 2025)

ജൂൺ 18, 2025

കനനാസ്കിസിലെ G7 ഉച്ചകോടിയുടെ ഔട്ട്‌റീച്ച് സെഷനിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഇന്ന് പങ്കെടുത്തു. 'ഊർജ്ജ സുരക്ഷ: അതിവേഗം മാറുന്ന ലോകത്തു പ്രാപ്യതയും താങ്ങാനാകുന്ന നിരക്കും ഉറപ്പാക്കാൻ വൈവിധ്യവൽക്കരണവും സാങ്കേതികവിദ്യയും അടിസ്ഥാനസൗകര്യങ്ങളും' എന്ന വിഷയത്തിലുള്ള സെഷനെ അദ്ദേഹം അഭിസംബോധന ചെയ്തു. കാനഡ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ ക്ഷണത്തിന് അദ്ദേഹം നന്ദി പറഞ്ഞു, G7 ന്റെ 50-ാം വാർഷികത്തിൽ അദ്ദേഹം അഭിനന്ദനം അറിയിച്ചു.

2. ഭാവിതലമുറ നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നാണ് ഊർജ്ജ സുരക്ഷയെന്ന് പ്രധാനമന്ത്രി തന്റെ പ്രസംഗത്തിൽ എടുത്തുപറഞ്ഞു. എല്ലാവരെയും ഉൾക്കൊള്ളുന്ന വളർച്ചയിലൂന്നിയ ഇന്ത്യയുടെ പ്രതിബദ്ധതയെക്കുറിച്ച് വിശദീകരിച്ചുകൊണ്ട്, ലഭ്യത, പ്രാപ്യത, താങ്ങാനാവുന്ന നിരക്ക്, സ്വീകാര്യത എന്നിവയാണ് ഊർജ സുരക്ഷയോടുള്ള ഇന്ത്യയുടെ സമീപനത്തിന് അടിവരയിടുന്ന തത്വങ്ങളെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യയെന്നും പാരീസ് ഉടമ്പടികൾ നിശ്ചിത സമയത്തിന് മുമ്പേ വിജയകരമായി നിറവേറ്റാൻ കഴിഞ്ഞിട്ടുണ്ടെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. സുസ്ഥിര-ഹരിത ഭാവിയോടുള്ള ഇന്ത്യയുടെ പ്രതിജ്ഞാബദ്ധത എടുത്തുകാട്ടി, അന്താരാഷ്ട്ര സൗര സഖ്യം, ദുരന്തനിവാരണ അടിസ്ഥാനസൗകര്യ സഖ്യം, ആഗോള ജൈവ ഇന്ധന സഖ്യം, മിഷൻ ലൈഫ്, ഏക സൂര്യൻ - ഏക ലോകം - ഏക ഊർജശൃംഖല തുടങ്ങിയ നിരവധി ആഗോള സംരംഭങ്ങളിൽ ഇന്ത്യ പ്രധാന പങ്കുവഹിച്ചിട്ടുണ്ടെന്നും അവയ്ക്കു കൂടുതൽ കരുത്തേകാൻ അന്താരാഷ്ട്ര സമൂഹത്തോട് ആഹ്വാനം ചെയ്തിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

3. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള അനിശ്ചിതത്വവും സംഘർഷങ്ങളും ഗ്ലോബൽ സൗത്ത് രാജ്യങ്ങളിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു, ഗ്ലോബൽ

സൗത്തിന്റെ ശബ്ദം ആഗോള വേദിയിൽ മുഴങ്ങേണ്ടതിന്റെ ഉത്തരവാദിത്തം ഇന്ത്യ ഏറ്റെടുത്തിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. അന്താരാഷ്ട്ര സമൂഹം സുസ്ഥിരമായ ഭാവി എന്നതിനെ കുറിച്ച് ആശങ്കപ്പെടുന്നുവെങ്കിൽ ഗ്ലോബൽ സൗത്തിന്റെ മുൻഗണനകളും ആശങ്കകളും ലോകം മനസ്സിലാക്കേണ്ടത് പ്രധാനമാണെന്ന് അദ്ദേഹം അടിവരയിട്ടു.  സുരക്ഷാ വെല്ലുവിളികളിൽ ഊന്നൽ നൽകിക്കൊണ്ട്, തീവ്രവാദത്തിനെതിരായ ആഗോള പോരാട്ടം ശക്തിപ്പെടുത്തുന്നതിനായി രാജ്യങ്ങളെ അദ്ദേഹം ആഹ്വാനം ചെയ്തു. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്ക് ശക്തമായ പിന്തുണ നൽകിയതിന് ആഗോള സമൂഹത്തിനോട് അദ്ദേഹം നന്ദി പറഞ്ഞു, പഹൽഗാം ഭീകരാക്രമണം ഇന്ത്യയ്ക്കെതിരായ ആക്രമണം മാത്രമല്ല, മുഴുവൻ മനുഷ്യരാശിക്കുമെതിരെയുള്ള ആക്രമണമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.  ഭീകരതയെ പിന്തുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന രാജ്യങ്ങൾക്കെതിരെ കർശനമായ നടപടിയെടുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.  ഭീകരതയെ നേരിടുന്നതിൽ ഇരട്ടത്താപ്പ് പാടില്ലെന്നും ഭീകരത പ്രോത്സാഹിപ്പിക്കുന്നവർക്ക് ഒരിക്കലും പിന്തുണ നൽകരുതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഭീകരതയെ മനുഷ്യരാശിയുടെ നേർക്കുള്ള ഗുരുതരമായ ഭീഷണിയായി വിശേഷിപ്പിച്ച പ്രധാനമന്ത്രി, അന്താരാഷ്ട്ര സമൂഹം ചിന്തിക്കേണ്ട ചില പ്രധാന ചോദ്യങ്ങൾ ഉന്നയിച്ചു :

-ഇരയാകുമ്പോൾ മാത്രമാണോ രാജ്യങ്ങൾ ഭീകരത ഉയർത്തുന്ന ഗുരുതരമായ ഭീഷണി മനസ്സിലാക്കുക?

-ഭീകരതയ്ക്കു പിന്നിൽ പ്രവർത്തിക്കുന്നവരെയും അതിനിരയായകുന്നവരെയും എങ്ങനെ ഒരേ നിലയിൽ കണക്കാക്കാനാകും?

-ആഗോള സംഘടനകൾ ഭീകരതയ്ക്കു മുന്നിൽ നിശബ്ദ കാഴ്ചക്കാരാകേണ്ടതുണ്ടോ?

4. സാങ്കേതികവിദ്യ, AI, ഊർജ്ജം എന്നിവ തമ്മിലുള്ള ബന്ധത്തെക്കുറിച്ചും പ്രധാനമന്ത്രി സംസാരിച്ചു.  കാര്യക്ഷമതയും

നൂതനത്വവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു നിർണായക മാർഗ്ഗമായി AI മാറിയിട്ടുണ്ട്, സാങ്കേതികവിദ്യ തന്നെ ഗണ്യമായ ഊർജ്ജം ആവശ്യമുള്ളതാണെന്നും ശുദ്ധവും പരിസ്ഥിതി സൗഹൃദവുമായ സംരംഭങ്ങളിലൂടെ അതിനെ സുസ്ഥിരമാക്കുന്നതിന് തന്ത്രം മെനയേണ്ടത് പ്രധാനമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇന്ത്യയുടെ മനുഷ്യ-കേന്ദ്രീകൃത സമീപനത്തെക്കുറിച്ച് വിശദീകരിച്ച അദ്ദേഹം, ഏത് സാങ്കേതികവിദ്യയും ഗുണകരമാകണമെങ്കിൽ പൊതുജനങ്ങളുടെ ജീവിതത്തിന് പ്രയോജനപ്രദമാകണമെന്നും പറഞ്ഞു.  AI യുമായി ബന്ധപ്പെട്ട ആഗോള നിർവ്വഹണ പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് AI യുടെ ആശങ്കകൾ പരിഹരിക്കുന്നതിനും ഈ മേഖലയിലെ നവീകരണം പ്രോത്സാഹിപ്പിക്കുന്നതിനും പ്രധാനമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.  AI യുടെ യുഗത്തിൽ നിർണായക ധാതുക്കളുടെ സുരക്ഷിതവും സ്ഥിരതയുള്ളതുമായ വിതരണ ശൃംഖലകൾ ഉണ്ടായിരിക്കേണ്ടത് പ്രധാനമാണെന്ന് അദ്ദേഹം അടിവരയിട്ടു. ഇന്ത്യയിൽ ഗുണനിലവാരമുള്ളതും വൈവിധ്യപൂർണവുമായ ഡാറ്റ ലഭ്യമാണെന്നും ഉത്തരവാദിത്വമുള്ള AI-ക്ക് ഇതു നിർണായകമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

5. സുസ്ഥിരമായ ഭാവി എന്നത് യാഥാർത്ഥ്യമാക്കുന്നതിന് സാങ്കേതികവിദ്യയാൽ നയിക്കപ്പെടുന്ന ലോക രാജ്യങ്ങൾക്കിടയിൽ കൂടുതൽ അടുത്ത സഹകരണം ആവശ്യപ്പെടുന്നുവെന്നും അത് നേടുന്നതിന് മനുഷ്യരെയും ഭൂമിയെയും പുരോഗതിയുടെ കേന്ദ്രത്തിൽ ഒരുമിച്ച് നിർത്തണമെന്നും പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു. പ്രധാനമന്ത്രി നടത്തിയ അഭിസംബോധനയുടെ പൂർണ്ണരൂപം ഇവിടെ കാണാം [Link]

**കനനാസ്കിസ്**

**ജൂൺ 17, 2025**